# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2541</u> <u>14/02/2013 ൽ മറുപടിക്ക്</u>

## കാൻസർ രോഗികൾ

<u>ചോദ്യം</u>

ശ്രീ. എം. ഹംസ

<u>മറുപടി</u>

വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേരളത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് കാൻസർ രോഗികൾ ഏറ്റവും കൂടുതലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. തിരുവനന്തപുരം RCC യിൽ വരുന്ന ആകെ രോഗികളിൽ 15% ഈ ജില്ലകളിൽ നിന്നുള്ളവരാണ്. |
| (സി) | കാൻസർ രോഗം അനിയന്ത്രിതമായി പടരുന്നതിന്റെ കാരണം പഠിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | പ്രത്യേക പഠനങ്ങളൊന്നും സർക്കാർ തലത്തിൽ നടത്തിയിട്ടില്ല. |
| (ഡി) | നിലവിൽ കേരളത്തിൽ കാൻസറിന് വിദഗ്ധ ചികിത്സ എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത്; കാൻസർ അനിയന്ത്രിതമായി വർധിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുമോ; വിദഗ്ധരായ ഡോക്ടർമാരുടെ | (ഡി) | കേരളത്തിലെ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, തലശ്ശേരി മലബാർ കാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ കാൻസർ രോഗത്തിനുള്ള വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. 2012-13-ലെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഈ സ്ഥാപനങ്ങളില്ലാത്ത ജില്ലകളിൽ ഒരു കാൻസർ |

| | | | |
|---|---|---|---|
| | സേവനം ലഭ്യമാക്കുമോ; | | ചികിത്സായൂണിറ്റ് ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിൽ ഓരോ ജില്ലയിൽ നിന്നും അസി. സർജൻമാർക്ക് ആർ.സി.സിയിലും എം.സി.സിയിലും 3 മാസത്തെ ബേസിക് കീമോ തെറാപ്പി ട്രെയിനിംഗ് കോഴ്സിന് അയയ്ക്കുകയും അവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ പി.എച്ച്.സി.കളിൽ സന്നദ്ധ-രാഷ്ട്രീയ സംഘടനകളുടെ സഹായത്തോടെ കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ; | (ഇ) | ആരോഗ്യ വകുപ്പിന്റെ 2012-13-ലെ വാർഷിക പദ്ധതി പ്രകാരം ഓറൽ കാൻസർ, സെർവിക്കൽ കാൻസർ, ബ്രസ്റ്റ് കാൻസർ എന്നിവ നിർണ്ണയിക്കുന്നതിനുള്ള ക്യാമ്പുകൾ നടത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | എല്ലാ കാൻസർ രോഗികൾക്കും ചികിത്സയും മരുന്നും തികച്ചും സൗജന്യമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എഫ്) | ആർ.സി.സി.യിൽ ചികിത്സ തേടിയെത്തുന്ന നിർധനരായ രോഗികൾക്ക് അവരുടെ സാമ്പത്തിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യ രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ട്. കൂടാതെ ആർ.സി.സി.യിൽ പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളും നിർധനരായ രോഗികൾക്ക് ധനസഹായം നൽകുന്നു. ആർ.സി.സി.യിൽ ഒരു സൗജന്യ ഡ്രഗ് ബാങ്കും പ്രവർത്തിക്കുന്നുണ്ട്. പുറത്ത് മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുന്നതിനേക്കാൾ 25% മുതൽ 30% വരെ വില കുറച്ചാണ് ആർ.സി.സി.യിൽ നിന്നും മരുന്നുകൾ വിതരണം ചെയ്യുന്നത്.<br><br>പട്ടികവർഗ്ഗക്കാരായ രോഗികൾക്കുള്ള സമഗ്ര ആരോഗ്യ പദ്ധതി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ഫോർ ദി പുവർ, ചിസ് പ്ലസ് സ്കീം, കാരുണ്യ ബെനവലന്റ് ഫണ്ട്, താലോലം, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി, മുഖ്യമന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | ദുരിതാശ്വാസ നിധി, ദേശീയ ദുരിതാശ്വാസ നിധി തുടങ്ങിയ ചികിത്സാ ധന സഹായ പദ്ധതികൾ എന്നിവയും കാൻസർ രോഗികൾക്കായി നടപ്പിലാക്കി വരുന്നു. എം. സി. സി. പേഷ്യന്റ് വെൽഫയർ ഫണ്ടിൽ നിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യ ചികിത്സയും ഉച്ച ഭക്ഷണവും നൽകി വരുന്നു. |
| (ജി) | കാൻസർ രോഗികളുടെ പുനരധിവാസത്തിനായി, എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ